أصول العقيدة - مليالم

# ഇസ്ലാമിക വിശ്വാസം



المكتب التعاوني للدعوة والإرشاد وتوعية الجاليات بالزلفي
87
هاتف: ٤٢٣٤٤٦٦ ٠١٦ - فاكس: ٤٢٣٤٤٧٧ ٠١٦
تعاوني الزلفي

# ഇസ്‌ലാമിക വിശ്വാസം

## أصول العقيدة – اللغة المليالم

جمعية الدعوة والإرشاد وتوعية الجاليات في الزلفي
Tel: 966 164234466 - Fax: 966 164234477

# أصول العقيدة

أعده وترجمه إلى اللغة المليالم:

جمعية الدعوة والإرشاد وتوعية الجاليات بالزلفي

الطبعة الرابعة: ١٤٤٢/٩ هـ


ح شعبة توعية الجاليات بالزلفي، ١٤٢٢هـ

فهرسة مكتبة الملك فهد الوطنية أثناء النشر

شعبة توعية الجاليات بالزلفي

أصول العقيدة – الزلفي

٣٢ ص؛ ١٢ × ١٧ سم

ردمك : ٠-٠٣-٨٦٤-٩٩٦٠

(النص باللغة المليالم)

١-العقيدة الإسلامية أ. العنوان

ديوي ٢٤٠ ٢٢/٠٠٦٢

رقم الإيداع : ٢٢/٠٠٦٢

ردمك : ٠-٠٣-٨١٣-٩٩٦٠

# أصول العقيدة
# ഇസ്ലാമിക വിശ്വാസം

## തൗഹീദ് (ഏകദൈവ വിശ്വാസം)

***അല്ലാഹുവിനുമാത്രം നിർബന്ധവും, അനിവാര്യവുമായിട്ടുള്ള ആരാധനാകർമ്മങ്ങളിൽ അവനെ ഏകനാക്കുക എന്നതാണ് തൗഹീദ്. അല്ലാഹുപറയുന്നു:***

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ ﴾ (الذاريات:٥٦)

***എന്നെമാത്രം ആരാധിക്കാൻ വേണ്ടിയല്ലാതെ, ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല. (അദ്ദാരിയാത്-56)***

﴿ وَاعْبُدُوا اللَّهَ وَلاَ تُشْرِكُوا بِهِ شَيْئًا ﴾ (النساء:٣٦)

***നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനോട് യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക. (അന്നിസാഅ്-36)***

***തൗഹീദ് മൂന്നു ഇനങ്ങളുണ്ട്. രക്ഷാകർതൃത്വത്തിലുള്ള ഏകത്വം, ദിവ്യത്വത്തിലുള്ള ഏകത്വം, നാമവിശേഷണങ്ങളിലുള്ള ഏകത്വം.***

## 1 രക്ഷാകർതൃത്വത്തിലുള്ള ഏകത്വം

*ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പ്, നിയന്ത്രണം, ഇവയിൽ അല്ലാഹു വിനെ ഏകനാക്കലാണ് ഇത്. അവൻ മാത്രമാകുന്നു ആകാശ ഭൂ മികളുടെ പൂർണ്ണ ആധിപത്യമുള്ള അന്നദാതാവും ജീവിപ്പിക്കുന്നവ നും മരിപ്പിക്കുന്നവനും. അല്ലാഹു പറയുന്നു:*

﴿ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَآءِ وَالأَرْضِ لآإِلَهَ إِلاَّ هُوَ ﴾ (فاطر:٣)

***ആകാശത്തു നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവന ല്ലാതെ യാതൊരു ദൈവവുമില്ല. (ഫാത്വിർ-3).***

﴿ تَبَارَكَ الَّذِي بِيَدِهِ الْمُلْكُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ﴾ (الملك:١)

***ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ, അവൻ അനുഗ്ര ഹ പൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവു ള്ളവനാകുന്നു (മുൽക്-1).***

*അവന്റെ ആധിപത്യം ഈ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്ക ളെയും ചുഴുന്നു നിൽക്കുന്നതും, അവൻ ഉദ്ദേശിക്കുന്നതു പോലെ അവൻ കൈകാര്യം ചെയ്യുന്നതുമാകുന്നു.*

*നിയന്ത്രണത്തിലുള്ള അവന്റെ ഏകത്വം എന്നാൽ അതിലൊന്നും അവന്ന് യാതൊരു പങ്കുകാരുമില്ലാതെ അവൻ എല്ലാം നിയന്ത്രിക്കുന്നു എന്നതാണ്. അല്ലാഹു പറയുന്നു:*

﴿ أَلاَ لَهُ الْخَلْقُ وَالأَمْرُ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ ﴾ (الأعراف:٥٤)

***അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവന്നു തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു (അഅ്റാഫ്-54).***

***മുഴുവൻ സൃഷ്ടികളെയും അവൻ മാത്രം നിയന്ത്രിക്കുന്നു.***

*തൗഹീദിന്റെ ഈ വശത്തെ ഒരു മനുഷ്യരും നിഷേധിച്ചിട്ടില്ല. നിഷേധിക്കുന്നവർ എന്നു പറയുന്ന ന്യൂനാൽ ന്യൂനപക്ഷം തന്നെ ബാഹ്യമായി അവരത് നിഷേധിക്കുന്നുണ്ടെങ്കിലും മനസ്സിന്റെ അടിത്തട്ടിൽ അവരും ആന്തരികമായി ഇതംഗീകരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:*

﴿ وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنْفُسُهُمْ ﴾ (النمل:١٤)

***അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അവരതിനെ നിഷേധിച്ചു കളഞ്ഞു. [വി.ഖു. 27:14]***

## 2 ദിവ്യത്വത്തിലുള്ള ഏകത്വം

*എല്ലാ ആരാധനയിലും അല്ലാഹുവെ ഏകപ്പെടുത്തലാണ് ഇത്. മ നുഷ്യൻ അല്ലാഹുവിൻെറ കൂടെ ആരാധനയിലോ, സാമീപ്യം തേടു ന്നതിലോ യാതൊന്നിനെയും സ്വീകരിക്കരുത്. തൗഹീദിൻെറ ഈ വശമാണ് മനുഷ്യസൃഷ്ടിപ്പിൻെറ ലക്ഷ്യം. അല്ലാഹു പറയുന്നു:*

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ ﴾ (الذاريات:٥٦)

*എന്നെമാത്രം ആരാധിക്കാൻ വേണ്ടിയല്ലാതെ, ജിന്നിനെയും മ നുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല. (അദ്ദാരിയാത് -56)*

*ഇതിനു വേണ്ടിയാണ് പ്രവാചകരെ അല്ലാഹു നിയോഗിച്ചതും, വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും. അല്ലാഹു പറയുന്നു:*

﴿وَمَآ أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلاَّ نُوحِي إِلَيْهِ أَنَّهُ لآ إِلَهَ إِلاَّ أَنَا فَاعْبُدُونِ ﴾ (الأنبياء:٢٥)

*ഞാനല്ലാതെ യാതൊരു ദൈവവുമില്ല, അതിനാൽ എന്നെ നി ങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നി നക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല. [വി.ഖു. 21:25]*

*പ്രവാചകർ അവരുടെ ജനങ്ങളെ ക്ഷണിച്ചപ്പോൾ ബഹുദൈവ വിശ്വാസികളായ ജനത നിരാകരിച്ചതും ഈ തൗഹീദ് തന്നെയായി രുന്നു.*

﴿ قَالُوآ أَجِئْتَنَا لِنَعْبُدَ اللَّهَ وَحْدَهُ وَنَذَرَ مَا كَانَ يَعْبُدُ آبَاؤُنَا ﴾

(الأعراف:٧٠)

*അവർ പറഞ്ഞു; ഞങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുവാ നും, ഞങ്ങളുടെ പിതാക്കൾ ആരാധിച്ചിരുന്നതിനെ ഞങ്ങൾ വിട്ടുകളയുവാനും വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്തു വ ന്നിരിക്കുന്നത്? [വി.ഖു. 7:70]*

*അതുകൊണ്ട് മനുഷ്യൻ തന്റെ ആരാധനകളൊന്നും തന്നെ അ ല്ലാഹു അല്ലാത്തവർക്ക് ചെയ്യരുത്. അവർ ദൈവ സാമീപ്യം സിദ്ധിച്ച മലക്ക്, പ്രവാചകൻ, സദ്വൃത്തനായ വലിയ്യ് പോലെയുള്ള സൃഷ്ടി കൾ ആരുതന്നെ ആയിരുന്നാലും പാടില്ല. കാരണം, ആരാധനക്ക് അ ല്ലാഹുവിനു മാത്രമേ അർഹതയുള്ളൂ.*

## 3 നാമവിശേഷണങ്ങളിലുള്ള ഏകത്വം

*അല്ലാഹുവോ അവന്റെ പ്രവാചകനോ അല്ലാഹുവിനെ എന്തു പേർ വിളിച്ചുവോ, എന്തു വിശേഷിപ്പിച്ചുവോ അത് വ്യാഖ്യാനങ്ങ ളോ, നിരാകരണമോ, രൂപസങ്കൽപമോ, സദൃശ്യപ്പെടുത്തലോ കൂടാ തെ അവയെല്ലാം യാഥാർത്ഥ്യമാണെന്ന നിലക്ക് അല്ലാഹുവിന്റെ മ ഹത്വത്തിന് അനുയോജ്യമാം വിധം വിശ്വസിക്കലാണ് തൗഹീദിന്റെ ഈ വശം.*

*ഉദാ:-*
*1-അല്ലാഹുവിന്ന് അൽഹയ്യു, അൽഖയ്യൂം ങ്കഎന്നെന്നും ജിവിച്ചിരിക്കു ന്നവൻ, എല്ലാം നിയന്ത്രിക്കുവൻ) തുടങ്ങിയ പേരുകളുണ്ട്. അൽഹ യ്യ് എന്നത് അല്ലാഹുവിൻെറ ഒരുപേരാണെന്ന് നാം വിശ്വസിക്ക ണം. മുമ്പ് ഇല്ലായ്മയോ, ഇനിയൊരു നാശത്തിനോ വിധേയമാ കാത്തവിധം എന്നെന്നുമുള്ള ജിവിതം എന്നതിൽ നിന്നും ഉൽഭൂത മാകുന്ന ഒരു പേരാണെന്ന് വിശ്വസിക്കൽ നിർബന്ധമാണ്. അസ്സ മീഅ് (എല്ലാം കേൾക്കുന്നവൻ) എന്നൊരുപേരും അല്ലാഹുവിനു ണ്ട്. അതും അല്ലാഹുവിൻെറ പേരാണെന്ന് നാം വിശ്വസിക്കണം, കേൾവി എന്നുള്ളത് അല്ലാഹുവിൻെറ വിശേഷണമാണെന്നും വിശ്വസിക്കണം. കാരണം, അവൻ കേൾക്കുന്നുണ്ട്.*
*2-അല്ലാഹുപറയുന്നു:*

﴿وَقَالَتِ الْيَهُودُ يَدُ اللَّهِ مَغْلُولَةٌ غُلَّتْ أَيْدِيهِمْ وَلُعِنُوا بِمَا قَالُوا بَلْ يَدَاهُ مَبْسُوطَتَانِ يُنْفِقُ كَيْفَ يَشَاءُ﴾ (المائدة:٦٤)

*അല്ലാഹുവിൻെറ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എ ന്ന് യഹൂദന്മാർ പറഞ്ഞു-അവരുടെ കൈകൾ ബന്ധിതമാക ട്ടെ- അവർ ആ പറഞ്ഞ വാക്കുകാരണം അവർ ശപിക്കപ്പെട്ടിരി ക്കുന്നു. അല്ല, അവൻെറ ഇരുകൈകളും നിവർത്തപ്പെട്ടവയാ കുന്നു.*

*അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ, അങ്ങനെ ചെല വഴിക്കുന്നു. (മാഇദ-64)*

*വളരെ വിശാലമായി കൊടുക്കുന്ന, നിവർത്തപ്പെട്ടവ എന്ന വി ശേഷണത്തോടു കൂടിയ രണ്ടു കൈകൾ അല്ലാഹുവിനുണ്ടെന്ന് അവൻ തന്നെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ അനുഗ്ര ഹങ്ങളാലും, ദാനങ്ങളാലും നിവർത്തപ്പെട്ട രണ്ടു കൈകൾ അല്ലാ ഹുവിനുണ്ടെന്ന് നാം വിശ്വസിക്കൽ നിർബന്ധമത്രെ. പക്ഷെ നമ്മു ടെ മനസ്സിന്റെ ഭാവനയിലോ, വാക്കുകൾ കൊണ്ടോ ആ കൈകൾ ക്ക് സൃഷ്ടികളുടെ കൈകളുമായി സദൃശ്യമാക്കലോ, രൂപസാദൃശ്യം സങ്കൽപിക്കുവാനോ പാടില്ല. കാരണം അല്ലാഹു തന്നെ പറയുന്നു:*

﴿ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ﴾ (الشورى:١١)

*അവനുതുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്ന വനും കേൾക്കുന്നവനും ആകുന്നു (അശ്ശൂറാ-11)*

*തൗഹീദിന്റെ ഈ വിഭാഗത്തിന്റെ രത്നച്ചുരുക്കം; അല്ലാഹുവോ അവന്റെ പ്രവാചകനോ സ്ഥിരപ്പെടുത്തിയത് നാം യാഥാർത്ഥ്യമായി സ്ഥിരപ്പെടുത്തുക. അതിൽ വ്യാഖ്യാനങ്ങളോ, നിരാകരണമോ, രൂപ സങ്കൽപമോ, സദൃശ്യപ്പെടുത്തലോ പാടില്ല.*

# ലാഇലാഹ ഇല്ലല്ലാഹ് ആശയം

ലാഇലാഹ ഇല്ലല്ലാഹ് ആണ് മതത്തിൻെറ അടിത്തറ. ഇസ്‌ലാം മ തത്തിൽ അതിന് മഹത്തായ സ്ഥാനമാണുള്ളത്. ഇസ്‌ലാമിൻെറ പ ഞ്ചസ്തംഭങ്ങളിൽ ഒന്നാമത്തെ സ്തംഭവും, വിശ്വാസത്തി (ഈമാ നി) ൻെറ പരമോന്നത ശ്രേണിയുമാണത്. മനുഷ്യരുടെ എല്ലാ പ്രവ ർത്തനങ്ങളുടെയും സ്വീകാര്യത, ഈവാക്കു പറയുന്നതിലും തതനു സാരമുള്ള പ്രവർത്തനങ്ങളിലുമാണ് നിലനിൽക്കുന്നത്. യാതൊരു ആശയ വ്യതിയാനവും കൂടാതെ മനസ്സിലാക്കിയിരിക്കേണ്ട അതി ൻെറ ശരിയായ അർത്ഥം; യഥാർത്ഥ ആരാധനക്കർഹമായി ഒന്നും തന്നെയില്ല, അല്ലാഹു ഒഴി കെ എന്നതാകുന്നു.

സ്രഷ്ടാവായി അല്ലാഹു അല്ലാതെ മറ്റാരുമില്ല, പുതിയ വസ്തു ക്കൾ ഉണ്ടാക്കാൻ കഴിയുന്നവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല, ആസ്തിക്യമുള്ളവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്നിവയൊ ന്നും ഇതിൻെറ പൂർണ്ണ അർത്ഥങ്ങളല്ല.

## ഈ വാക്യത്തിന് *രണ്ട്* മുഖ്യഘടകങ്ങളു *ണ്ട്*

1 <u>നിഷേധം:</u> لا إله *എന്ന നമ്മുടെ വാക്കിലുള്ള "യാതൊരു ആരാധ്യനു മില്ല" എന്ന നിഷേധമാണത്. എല്ലാ വസ്തുക്കളുടെയും ആരാ ധ്യതയെ നിഷേധിക്കുന്നു എന്നർത്ഥം.*

2 <u>സ്ഥിരീകരണം:</u> إلا الله *–അല്ലാഹു ഒഴികെ എന്ന വാക്കിലൂടെയാണ ത്. ആരാധ്യത അല്ലാഹുവിന് മാത്രം, അവന്ന് യാതൊരു പങ്കു കാരുമില്ലെന്ന് സ്ഥിരീകരിക്കലാണത്.*

*അല്ലാഹുവിനെയല്ലാതെ ആരാധിക്കുവാൻ പാടില്ല. ആരാധനയു ടെ ഏതൊരു രൂപവും അല്ലാഹുവല്ലാത്തവർക്ക് അർപ്പിക്കുവാൻ പാടില്ല. എല്ലാ പങ്കാളികളെയും നിഷേധിച്ചുകൊണ്ട്, അല്ലാഹുവിന്റെ ഏകത്വത്തെ സ്ഥിരീകരിച്ചു കൊണ്ടുള്ള ആശയം മനസ്സിലാ ക്കി ഒരാൾ ഈ വാക്ക് ഉച്ചരിക്കുകയും അതനുസരിച്ചു പ്രവർത്തി ക്കുവാൻ തീരുമാനിക്കുകയും ചെയ്താൽ അയാൾ ഒരു യഥാർത്ഥ മുസ്‌ലിമായി. വിശ്വാസമില്ലാതെ പ്രവർത്തനങ്ങൾ മാത്രം ചെയ്താൽ അവൻ കപടവിശ്വാസിയായിത്തീരും. അതിനു വിപരീതമായി ബഹു ദൈവ വിശ്വാസങ്ങൾ വച്ചു പുലർത്തുന്നവൻ- നാവുകൊണ്ട് ഈ വാ ക്യം ഉച്ചരിച്ചാലും ശരി-*

*ബഹുദൈവ വിശ്വാസിയും, സത്യനിഷേധി യും ആയിത്തീരും.*

## ലാഇലാഹ ഇല്ലല്ലാഹ്; മഹത്വം:

*ഈ വാക്യത്തിന് വലിയ മഹത്വങ്ങളും ആശയങ്ങളുമുണ്ട്. അവ യിൽ പെട്ടതാണ്*

*1-നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ടവന് അതിലെ സ്ഥിരതാമ സം തടയപ്പെടും. നബി ﷺ പറഞ്ഞു: ഹൃദയത്തിൽ ഒരുഗോതമ്പു മ ണിയോളം നന്മയുണ്ടായിരിക്കെ ഒരാൾ ലാഇലാഹ ഇല്ലല്ലാഹ് പറ ഞ്ഞിട്ടുണ്ടെങ്കിൽ അവൻ നരകത്തിൽ നിന്നും പുറത്താക്കപ്പെടും. മന സ്സിൽ ഒരു അണുമണിയോളം നന്മയുള്ളവൻ ലാഇലാഹ ഇല്ലല്ലാ ഹ് പറഞ്ഞിട്ടുണ്ടെങ്കിൽ അവൻ നരകത്തിൽ നിന്നും പുറത്തു കടത്ത പ്പെടും (ബുഖാരി- മുസ്ലിം.)*

*2-മനുഷ്യ സൃഷ്ടിപ്പിൻെറ ലക്ഷ്യം തന്നെ ഈവാക്യത്തിൻെറ ആശയമാണ്. അല്ലാഹു പറയുന്നു:*

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ ﴾ (الذاريات:٥٦)

*എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നിനെയും മനു ഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല (ദാരിയാത്-56)*

*3-അതിന്നു വേണ്ടിയാണ് പ്രവാചകന്മാർ നിയോഗിതരായ തും, വേദഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടതും. അല്ലാഹു പറയു ന്നു:*

﴿ وَمآ أَرْسَلْنَا مِنْ قَبْلِكَ مِنْ رَّسُولٍ إِلاَّ نُوحِي إِلَيْهِ أَنَّهُ لآإِلَهَ إِلاَّ أَنَا فَاعْبُدُونِ ﴾ (الأنبياء:٢٥)

*ഞാനല്ലാതെ യാതൊരുദൈവവുമില്ല. അതിനാൽ എന്നെ നി ങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നി നക്കുമുമ്പ് ഒരുദൂതനെയും നാം അയച്ചിട്ടില്ല (21-25.)*

*4-മുഴുവൻ പ്രവാചകരുടെയും പ്രബോധനത്തിൻെറ സമാരം ഭം അതായിരുന്നു. എല്ലാ പ്രവാചകരും അവരുടെ ജനങ്ങളോട് പറഞ്ഞത്;*

﴿ يَا قَوْمِ اعْبُدُوا اللَّهَ مَالَكُمْ مِّنْ إِلَهٍ غَيْرُهُ ﴾ (الأعراف:٧٣)

*എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവി ൻ, അവനല്ലാതെ നിങ്ങൾക്ക് യാതൊരു ദൈവവുമില്ല (അ അ്റാഫ്- 73) എന്നതായിരുന്നു.*

*5-ദൈവസ്മരണയുടെ വാക്കുകളിൽ (ദിക്റുകളിൽ) ഏറ്റവും മഹത്തരമായ വാക്യവും അ തുതന്നെ. നബി ﷺ പറഞ്ഞു: ഞാ നും, എനിക്കു മുമ്പുള്ള പ്രവാചകരും പറഞ്ഞതിൽ*

*ഏറ്റവും ശ്രേ ഷ്ഠമായ വചനം "ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മ റ്റൊന്നുമില്ല, അവന്ന് യാതൊരു പങ്കാളിയുമില്ല" എന്നതാകുന്നു (മുവത്വഅ്- മാലിക്)*

## ലാഇലാഹ ഇല്ലല്ലാഹ്; നിബന്ധനകൾ

*ഈ വാക്യം ഉച്ചരിക്കുന്നവൻ താഴെ പറയുന്ന ഏഴു ശർത്വുകൾ പാലിച്ചെങ്കിൽ മാത്രമേ അത് പൂർണ്ണാർത്ഥത്തിൽ ആകുകയുള്ളു.*

***1-അറിവ്:** (العلم) :*

*നിഷേധ -സ്ഥിരീകരണങ്ങളോടു കൂടി അതു മനസ്സിലാക്കിയിരിക്ക ണം. അതിൻെറ തുടർ പ്രവർത്തനങ്ങളും അറിഞ്ഞിരിക്കണം. ഒരാൾ അല്ലാഹു മാത്രമേ ആരാധനക്ക് അർഹനായുള്ളു എന്നും അവന ല്ലാത്തവർക്കുള്ള ആരാധനകളെല്ലാം നിഷ്ഫലമാണെന്നും മനസ്സി ലാക്കുന്നു. ആ അറിവനുസരിച്ച് അവൻ പ്രവർത്തിക്കുകയും ചെയ്യു ന്നു. എന്നാൽ അവൻ ഈ വാക്യത്തിൻെറ ആശയം മനസ്സിലാക്കിയ വനായിത്തീരും. അല്ലാഹു പറയുന്നു:*

﴿ فَاعْلَمْ أَنَّهُ لآإِلَهَ إِلاَّ اللَّهُ ﴾ (محمد:١٩)

*ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക (47:19)*

*നബി ﷺ പറഞ്ഞു: ആരാധനക്കർഹനായി അല്ലാഹുവല്ലാതെ ആരുമി ല്ലെന്ന് മനസ്സിലാക്കിക്കൊണ്ട് ഒരാൾ മരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. [മുസ്‌ലിം]*

***2-ദൃഢത:*** (اليقين) :

*മാനസികമായ സംതൃപ്തിയോടും, നിശ്ചയ ദാർഢ്യത്തോടുംകൂടി അത് ഉച്ചരിക്കുക. ജിന്നുകളി ലും മനുഷ്യരിലും ഉള്ള യാതൊരു പൈശാചിക ശക്തിക്കും ഒരു സംശയത്തിൻെറ കണികയിലൂ ടെയും കടന്നുവരാൻ പറ്റാത്ത രൂപത്തിൽ മനസ്സിലാക്കി ഉറച്ചു വിശ്വസിക്കണം. അല്ലാഹു പറയുന്നു:*

﴿ إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَرَسُولِهِ ثُمَّ لَمْ يَرْتَابُوا ﴾

(الحجرات:١٥)

*അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും, പി ന്നീട് സംശയിക്കാതിരിക്കുകയും ചെയ്തവരാരോ, അവർ മാത്രമാകുന്നു സത്യവിശ്വാസികൾ (ഹുജറാത് -15.)*

*ആരാധനക്കു അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും, ഞാൻ (മുഹമ്മദ്നബി) അല്ലാഹുവിൻെറ ദൂതനാണെന്നും സംശയ ലേശമന്യെ സാക്ഷ്യം വഹിച്ചുകൊണ്ട്, ഒരു ദാസൻ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ലെന്ന് ന ബി ﷺ പറഞ്ഞിരിക്കു ന്നു.*

*3-സ്വീകാര്യത: (القبول) :*

*ഈ വാക്യം കൊണ്ട് ഉദ്ദേശിക്കപ്പെട്ട എല്ലാ കാര്യങ്ങളും മനസ്സാ വാചാ സ്വീകരിച്ചിരിക്കണം. എല്ലാദൈവിക വചനങ്ങളും മുഹമ്മദു നബി ﷺ കൊണ്ടുവന്ന എല്ലാ കാര്യങ്ങളും ഒന്നൊഴിയാതെ സത്യമാ യംഗീകരിച്ചിരിക്കണം. അല്ലാഹു പറയുന്നു:*

﴿ آمَنَ الرَّسُولُ بِمَا أُنْزِلَ إِلَيْهِ مِنْ رَّبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللَّهِ وَمَلَئِكَتِهِ وَكُتُبِهِ وَرُسُلِهِ لآ نُفَرِّقُ بَيْنَ أَحَدٍ مِّنْ رُّسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَاغُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ﴾ (البقرة:٢٨٥)

*തൻെറ രക്ഷിതാവിങ്കൽ നിന്നും തനിക്ക് അവതരിപ്പിക്കപ്പെട്ട തിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവി ശ്വാസികളും, അവരെല്ലാം അല്ലാഹുവിലും, അവൻെറ മലക്കു കളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ ദൂതന്മാ രിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കുമി ടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാ ണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു, ഞങ്ങ ളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ, നിന്നിലേ ക്കാകുന്നു (ഞങ്ങളുടെ) മടക്കം (അൽബഖറ-285.)*

*ഇസ്‌ലാമിലെ മതനിയമങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിഷേധി ച്ചാൽ അത് ഈ വാക്യത്തെ തിരസ്‌കരിക്കലാകും. ഇസ്‌ലാമിലെ അ നന്തരാവകാശ നിയമങ്ങൾ, ബഹുഭാര്യത്വ നിയമം, വ്യഭിചാരം, കള വ് ഇവക്കുള്ള ശിക്ഷാനിയമങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് നിഷേധിക്കുന്നതു പോലെത്തന്നെ. അല്ലാഹു പറയുന്നു:*

﴿ وَمَا كَانَ لِمُؤْمِنٍ وَلَآ لِمُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ ﴾ (الأحزاب:٣٦)

*അല്ലാഹുവും അവൻെറ റസൂലും ഒരുകാര്യത്തിൽ തീരുമാന മെടുത്തു കഴിഞ്ഞാൽ സത്യ വിശ്വാസിയായ ഒരുപുരുഷനാക ട്ടെ സ്ത്രീയാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വ തന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല (അൽഅഹ്സാ ബ്-36.)*

*4-കീഴ്പെടൽ:* (الانقياد)

*ഈ വാക്യം സൂചിപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും കീഴ്പെട്ടിരിക്ക ണം. സ്വീകാര്യത വാക്കുകളിലൂടെ ആണെങ്കിൽ, കീഴ്പെടൽ പ്രവർ ത്തനത്തിലൂടെ ആയിരിക്കും. ഈ വാക്യത്തിൻെറ ആശയം പൂർണ്ണമാ യി മനസ്സിലാക്കി, അതു സ്വീകരിച്ചയാൾ അതനുസരിച്ചു പ്രവർത്തി ക്കുന്നില്ലെങ്കിൽ അതവന്ന് യാതൊരു ഫലവും ചെയ്യില്ല. അല്ലാഹു പറയുന്നു:*

﴿ وَأَنِيبُوا إِلَى رَبِّكُمْ وَأَسْلِمُوا لَهُ ﴾ (الزمر:٥٤)

*നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മട ങ്ങുകയും, അവന്ന് കീഴ്പെടുകയും ചെയ്യുവീൻ (സുമർ-54).*

﴿ فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُوا فِي أَنْفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴾

(النساء:٦٥)

*ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണെ സത്യം, അവർക്കി ടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർ ത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരുവിഷമവും തോന്നാതിരിക്കുകയും, അതു പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വ രെ അവർ വിശ്വാസികളാവുകയില്ല (4-65.)*

*5-സത്യസന്ധത:* (الصدق)

*ഈ വാക്യത്തിലുള്ള തൻെറ വിശ്വാസത്തിൽ സത്യവാനായിരി ക്കണം. അല്ലാഹു പറയുന്നു:*

﴿ يَآ أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ ﴾

(التوبة:١١٩)

*സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തില്‍ ആയിരിക്കുകയും ചെയ്യുക (9: 119)*
*നബി ﷺ പറഞ്ഞു: ആരെങ്കിലും തന്‍റെ മനസ്സില്‍ സത്യസന്ധമായി "ലാഇലാഹ ഇല്ലല്ലാഹ്" പറഞ്ഞാല്‍ അവന്‍ സ്വര്‍ഗ്ഗത്തില്‍ പ്രവേശി ക്കും (അഹ്മദ്).*
*നാവുകൊണ്ട് ഉച്ചരിച്ച് മനസ്സു കൊണ്ട് തിരസ്കരിച്ചാല്‍ അതവനെ രക്ഷപ്പെടുത്തുകയില്ലെന്ന് മാത്രമല്ല, അവന്‍ കപടവിശ്വാസി (മുനാ ഫിഖു)കളുടെ ഗണത്തില്‍ പെടുകയും ചെയ്യും. നബിയുടെ ചര്യയെ പൂര്‍ണ്ണമായോ, ഭാഗികമായോ കളവാക്കല്‍ ഈ വാകൃത്തിലുള്ള സ ത്യസന്ധതയുടെ വിപരീതമായിത്തീരും. കാരണം പ്രവാചകനെ അ നുസരിക്കാന്‍ അല്ലാഹു നമ്മോട് കല്‍പിച്ചിരിക്കുന്നു. മാത്രമല്ല അ ല്ലാഹുവിനെ അനുസരിക്കാനുള്ള കല്‍പനയോട് ചേര്‍ത്താണ് പറ ഞ്ഞിട്ടുള്ളതും. അല്ലാഹു പറയുന്നു:*

﴿ قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ ﴾ (النور:٥٤)

*പറയുക, നിങ്ങള്‍ അല്ലാഹുവിനെ അനുസരിക്കുക, പ്രവാച കനെയും അനുസരിക്കുക (അന്നൂര്‍-54.)*

*6-നിഷ്കളങ്കത:* (الإخلاص) :

*ബഹുദൈവ വിശ്വാസത്തിൻെറ ചാഞ്ചല്യങ്ങൾ പോലുമേശാത്ത, സദ് വിചാരത്തോടെയുള്ള പ്രവർത്തന പരിശുദ്ധിയാണ് ഇതുകൊണ്ടുള്ള വിവക്ഷ. ഈവാക്യം പറയുന്നവൻെറ എല്ലാ വാക്കും പ്രവർത്തിയും ദൈവപ്രീതിക്കു വേണ്ടിയായിരിക്കണം. അതിൽ നാട്യത്തിനോ, പ്രശ സ്തിക്കോ, ഭൗതിക നേട്ടത്തിനോ, വ്യക്തി താൽപര്യങ്ങൾക്കോ, ര ഹസ്യമോ പരസ്യമോ ആയ വികാരങ്ങൾക്കോ, ഏതെങ്കിലും വ്യക് തിയോടോ, ആദർശത്തോടോ, ദൈവികമല്ലാത്ത തത്വസംഹിതയോ ടോ ഉള്ള അനുരാഗാത്മക ഭ്രമത്തിനോ സ്ഥാനമില്ല. ദൈവപ്രീതി യും പരലോക മോക്ഷവും മാത്രമേ ലക്ഷ്യമായിട്ടുള്ളു. സ്രഷ്ടാവി ൻെറ തൃപ്തിയല്ലാതെ സൃഷ്ടികളിൽ നിന്നും ഒരു പ്രതിഫലമോ, ന ന്ദിവാക്കോ അതിൽ പ്രതീക്ഷിക്കുന്നില്ല. അല്ലാഹു പറയുന്നു:*

﴿ أَلَا لِلَّهِ الدِّينُ الْخَالِصُ ﴾ (الزمر:٣)

*അറിയുക, അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാകുന്നു നി ഷ്കളങ്കമായ കീഴ്‌വണക്കം (സുമർ-3.)*

﴿ وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ ﴾ (البينة:٥)

*കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട്, ഋജുമനസ് കരായ നിലയിൽ അവനെ ആരാധിക്കുവാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല (ബയ്യിന-5.)*

*നബി ﷺ പറഞ്ഞു:*
*അല്ലാഹുവിന്റെ പ്രീതിമോഹിച്ചുകൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് പറ ഞ്ഞവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു (ബുഖാരി-മു സ്ലിം).*

*7-സ്നേഹം:* (المحبة) *:*

*ഈ വാക്യത്തെയും, അതിന്റെ ആശയത്തെയും സ്നേഹിക്കണം. അല്ലാഹുവിനെയും അവന്റെ റസൂലിനെയും മറ്റെല്ലാറ്റിനും ഉപരി യായി ഇഷ്ടപ്പെടണം. ബഹുമാനാദരവും, ഭയ-പ്രതീക്ഷാദികളോ ടെയും അല്ലാഹുവിനെ ഇഷ്ടപ്പെടുകയും അല്ലാഹു ഇഷ്ടപ്പെട്ട എ ല്ലാറ്റിനെയും സ്നേഹിക്കുകയും വേണം. മക്ക, മദീന, പള്ളികൾ, എന്നീ സ്ഥലങ്ങൾ, റമദാൻമാസം, ദുൽഹിജ്ജ മാസത്തിലെ ആദ്യ ത്തെ പത്തുദിവസങ്ങൾ എന്നീ കാലങ്ങൾ, ദൂതന്മാർ, പ്രവാചകന്മാ ർ, മലക്കുകൾ, സ്വഹാബികൾ, രക്തസാക്ഷികൾ, സദ്വൃത്തർ എ ന്നിവർ, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ പ്രവർത്തന ങ്ങൾ, ഖുർആൻ പാരായണം, ദിക്റുകൾ എന്നീ വചനങ്ങൾ ഇവ യൊക്കെയാണ് അല്ലാഹുവിന്ന് ഇഷ്ടപ്പെട്ടവ.*

*തന്റെ ദേഹേഛകളെക്കാൾ, അല്ലാഹുവിന്ന് ഇഷ്ടമുള്ള കാര്യ ങ്ങൾക്ക് മുൻഗണന നൽകപ്പെടണം. അല്ലാഹുവിന്ന് വെറുപ്പുള്ള കാര്യങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കണം. സത്യനിഷേധത്തോടും, നി ഷേധികളോടും,*

*അധർമ്മത്തോടും വെറുപ്പുള്ളവനായിത്തീരണം. അല്ലാഹു പറയുന്നു:*

﴿ يَآ أَيُّهاَ الَّذِينَ آمَنوُا مَنْ يَرْتَدَّ مِنْكُمْ عَنْ دِينَهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلاَ يَخَافُونَ لَوْمَةَ لاَئِمٍ ﴾ (المائدة:٥٤)

*സത്യവിശ്വാസികളേ, നിങ്ങൾ ആരെങ്കിലും തന്റെ മതത്തിൽ നിന്നും പിന്തിരിഞ്ഞു കളയുന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്ന വരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാ ഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ സത്യ വിശ്വാസികളോട് വിനയം കാണിക്കുന്നവരും, സത്യനിഷേധി കളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരത്തിലേർപ്പെടും. ഒരാക്ഷേപക ന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല. (മാഇദ-54).*

## മുഹമ്മദുർ റസൂലുല്ലാഹി; ആശയം

*മുഹമ്മദുനബി ﷺ അല്ലാഹുവിന്റെ ദാസനും, മുഴുവൻ ജനങ്ങൾ ക്കുമുള്ള പ്രവാചകനും ആണെന്ന് ആന്തരികവും ബാഹ്യവുമായി*

*അംഗീകരിക്കലാണ് അതിൻെറ ഉദ്ദേശ്യം. ആ വിശ്വാസമനുസരിച്ചു പ്രവർത്തിക്കുകയും വേണം. മതത്തിൽ നിയമമല്ലാത്ത ദൈവികാരാ ധന ഉപേക്ഷിക്കുക, അദ്ദേഹം കൽപിച്ച കാര്യങ്ങൾ ജീവിതത്തിൽ പ കർത്തലും, അദ്ദേഹത്തെ അനുസരിക്കലും, അദ്ദേഹം വിരോധിച്ച കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കലും ഈ ആശയത്തിൻെറ വി ശദാംശങ്ങളിൽ പെടുന്നതാണ്.*

*മുഹമ്മദുൻ റസൂലുല്ലാഹി (മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകു ന്നു) എന്ന സാക്ഷ്യവാക്യത്തിന് രണ്ടുമുഖ്യ ഘടകങ്ങൾ ഉണ്ട്. അ ദ്ദേഹം അല്ലാഹുവിൻെറ ദാസനും ദൂതനുമാണ് എന്നതാണ് ആ ര ണ്ടു ഘടകങ്ങൾ. നബി ﷺ യെ അനർഹമായി പുകഴ്ത്തലും, വ്യക്തി പ്രശംസ നടത്തലും ഇതു തടയുന്നു. അദ്ദേഹം ഈ രണ്ടു ഘടകങ്ങ ൾ കൊണ്ടു തന്നെ സൃഷ്ടികളിൽ പരിപൂർണ്ണത നേടിയവനാകു ന്നു. അദ്ദേഹം അല്ലാഹുവിൻെറ അടിമയും, ആരാധകനുമാണ് എ ന്നാണതിൻെറ ആശയം. അദ്ദേഹം മറ്റു മനുഷ്യർ സൃഷ്ടിക്കപ്പെട്ട ധാതുവിൽ നിന്നും സൃഷ്ടിക്കപ്പെട്ടവനും, മറ്റു മനുഷ്യർക്കു സംഭവി ക്കുന്ന എല്ലാകാര്യങ്ങളും സംഭവിക്കാവുന്ന ഒരു മനുഷ്യനുമാണെന്നു സാരം. അല്ലാഹു പറയുന്നു:*

﴿ قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ ﴾ (الكهف : ١١٠)

*(നബിയേ) പറയുക, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരുമനു ഷ്യൻ മാത്രമാകുന്നു (18-110.)*

﴿ اَلْحَمْدُ لِلَّهِ الَّذِي أَنْزَلَ عَلَى عَبْدِهِ الْكِتَابَ وَلَمْ يَجْعَلْ لَهُ عِوَجًا ﴾

(الكهف:١)

*തൻെറ ദാസൻെറമേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും, അ തിന്നു യാതൊരു വക്രതയും വരുത്താതെ ചൊവ്വായ നിലയിൽ ആക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി (18-1.)*

*മുന്നറിയിപ്പുകാരനും, സന്തോഷവാർത്ത അറിയിക്കുന്നവനുമാ യി അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്കുള്ള പ്രബോധകനുമായി, മുഴു വൻ ജനങ്ങളിലേക്കും നിയോഗിക്കപ്പെട്ടവൻ എന്നാണ് റസൂൽ എ ന്നപദം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. (അദ്ദേഹം അല്ലാഹുവിൻെറ ദാസനും, ദൂതനുമാണെന്നുള്ള) ഈ രണ്ടു വിശേഷണങ്ങൾ ഉൾ ക്കൊള്ളുന്ന സാക്ഷ്യവാക്യം അദ്ദേഹത്തിൻെറ യഥാർത്ഥ പദവിയെ അംഗീകരിക്കുന്നു. ഒരുദാസൻ എന്നനിലവിട്ട് ജനങ്ങൾ അദ്ദേഹ ത്തെ ആരാധ്യനായി സങ്കൽപിക്കുന്നതിൽ നിന്നും അത് തടയുന്നു.*

*ഗുണം നൽകൽ, ദോഷത്തെ തടയൽ, കാര്യങ്ങൾ സാധിപ്പിക്കൽ പോലെയുള്ള, അല്ലാഹുവിനു മാത്രം കഴിയുന്ന, അവനോടു മാത്രം ചോദിക്കപ്പെടേണ്ടുന്ന*

*കാര്യങ്ങൾ നബി ﷺ യോട് ചോദിക്കാൻ പാടി ല്ലെന്നും ഈവാക്ക് അർത്ഥമാക്കുന്നു. മറ്റൊരു വിഭാഗം അദ്ദേഹത്തി ൻെറ ദൗത്യം തന്നെ നിഷേധിക്കുകയും, അദ്ദേഹത്തെ പിൻപറ്റുന്ന തിൽ വീഴ്ച വരുത്തുകയും ചെയ്തിരിക്കുന്നു. അതും ഈ ആശയ ത്തിന്നു വിപരീതമാണ്.*

## ഈമാൻ കാര്യങ്ങൾ

*മനുഷ്യ പ്രവർത്തനങ്ങളുടെയും വാക്കുകളുടെയും സാധുതയും, സ്വീകാര്യതയും നിലകൊള്ളുന്നത് ശരിയായ വിശ്വാസത്തിന്മേലാണ്. വിശ്വാസം പിഴച്ചുപോയാൽ അതിലൂടെ ഉടലെടുക്കുന്ന എല്ലാ പ്രവർ ത്തനങ്ങളും നിഷ്ഫലമായിത്തീരുമെന്നാണ് ഖുർആനും സുന്നത്തും പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:*

﴿ وَمَنْ يَكْفُرْ بِالإِيمَانِ فَقَدْ حَبِطَ عَمَلُهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ ﴾ (المائدة:٥)

*സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവ ൻെറ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്തിൽ അ വൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും (മാഇദ:5)*

﴿ وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَإِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴾ (الزمر:٦٥)

*തീർച്ചയായും നിനക്കും നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിൻെറ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തി ൽ ആകുകയും ചെയ്യും. (സുമർ-65.)*

*ഇസ്‌ലാമിക വിശ്വാസ സംഹിത, അല്ലാഹുവിലും അവൻെറ മലക്കു കളിലും, വേദഗ്രന്ഥങ്ങളിലും, പ്രവാചകരിലും അന്ത്യദിനത്തിലും, വിധിയിലും ഉള്ള വിശ്വാസത്തിൽ നിന്നാണ് ഉദ്ഭൂതമാകുന്നത്. ഈ ആറു കാര്യങ്ങളാണ് ഇസ്‌ലാമിക വിശ്വാസത്തിൻെറ ആണിക്കല്ല്. അതു പഠിപ്പിക്കാനാണ് പരിശുദ്ധഖുർആൻ അവതീർണമായത്. അതിനുവേണ്ടി തന്നെയാണ് മുഹെമ്മദ് നബി ﷺ പ്രവാചകനായി നിയ മിതനായതും.*

## 1അല്ലാഹുവിലുള്ള വിശ്വാസം:

*ആരാധനക്ക് അർഹതയുള്ളവൻ അല്ലാഹു മാത്രമേയുള്ളു എന്ന താണ് അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ സത്ത. കാരണം അവ നാണ് എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവും, അന്ന*

*ദാതാവും. അ വൻ തന്നെയാണ് അവരുടെ രഹസ്യ പരസ്യങ്ങൾ അറിയുന്നവ നും, സച്ചരിതർക്ക് പ്രതിഫലവും, ധിക്കാരികൾക്ക് ശിക്ഷയും നൽകാൻ കഴിവുള്ളവനും. ഈ ആരാധനക്കു വേണ്ടിയാണ് അല്ലാ ഹു ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു പ റയുന്നു:*

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ مَا أُرِيدُ مِنْهُمْ مِّنْ رِّزْقٍ وَمَا أُرِيدُ أَنْ يُّطْعِمُونَ إِنَّ اللَّهَ هُوَ الرَّزَّاقُ ذُوالْقُوَّةِ الْمَتِينُ ﴾

(الذاريات:٥٦-٥٨)

*ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാ ൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നി ന്നും ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്കു ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ച യായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും, ശക്തനും പ്രബലനും (51-56-58).*

*ഇക്കാര്യം പ്രഖ്യാപിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോ ഗിച്ചതും വേദഗ്രന്ഥങ്ങൾ ഇറക്കിയതുമെന്ന് അല്ലാഹു പറയുന്നു.*

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾ (النحل:٣٦)

*തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോ ഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർ ത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യു ന്നതിനു വേണ്ടി) (നഹ്ൽ-36).*

*ആരാധനാ കർമ്മങ്ങളായി ചെയ്യപ്പെടുന്ന എല്ലാകാര്യത്തിലും അ ല്ലാഹുവിനെ ഏകനാക്കുക എന്നതാണ് ഇതിൻെറ വിവക്ഷ. പ്രാർത്ഥ ന, നമസ്കാരം, നോമ്പ്, ശിക്ഷാ രക്ഷകളിലുള്ള ഭയവും പ്രത്യാശ യും, മൃഗബലി, നേർച്ച തുടങ്ങിയ എല്ലാ ആരാധനകളും വിനയ ത്തോടും ഭവ്യതയോടും കൂടി, അല്ലാഹുവോടുള്ള സ്നേഹ-ബഹുമാ നാദര പുരസ്സരം സമർപിക്കുകയത്രെ അത്. ഖുർആനിൻെറ മുഖ്യ പ്രദിപാദ്യ വിഷയം ഈ അടിസ്ഥാന തത്വമാണ്. അല്ലാഹു പറ യുന്നു:*

﴿... فَاعْبُدِ اللَّهَ مُخْلِصًا لَهُ الدِّينَ أَلاَ لِلَّهِ الدِّينُ الْخَالِصُ ﴾ (الزمر:٢-٣)

*അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി ക്കൊണ്ട് അവനെ ആരാധിക്കുക. അല്ലാഹുവിനു മാത്രം അ*

*വകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം (39:3.)*

﴿ وَقَضَى رَبُّكَ أَلاَّ تَعْبُدُوآ إِلاَّ إِيَّاهُ ﴾ (الإسراء:٢٣)

***തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷി താവ് വിധിച്ചിരിക്കുന്നു (17:23).***

﴿ فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ ﴾ (المؤمن:١٤)

***അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി ക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസിക ൾക്ക് അനിഷ്ടമായാലും ശരി (മുഅ്മിൻ-14).***

*ഇസ്ലാംകാര്യങ്ങൾ എന്നപേരിൽ അറിയപ്പെടുന്ന അഞ്ചു നിർബ ന്ധ കാര്യങ്ങളിലും, പരിശുദ്ധ ശരീഅത്ത് നിർബന്ധമാക്കിയിട്ടുള്ള മറ്റുകാര്യങ്ങളിലും വിശ്വാസം നിർബന്ധമാണ്. ഇതിലെ മുഖ്യസ് തംഭം "ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹി" എന്ന സാ ക്ഷ്യ വാക്യമാണ്. താഴെ പറയുന്ന കാര്യങ്ങൾ അല്ലാഹുവിലുള്ള വി ശ്വാസത്തിൽ പെട്ടതാണ്. അല്ലാഹു ലോകസ്രഷ്ടാവാണ്, അവൻ എ ല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നവനാണ്, അവന്റെ കഴിവും ഇച്ഛ യുമനുസരിച്ചേ ലോകത്ത് എന്തുകാര്യവും നടക്കുകയുള്ളൂ. അവൻ ഇഹത്തിന്റെയും പരത്തിന്റെയും ഉടമസ്ഥനാണ്.*

*അഖില പ്രപ ഞ്ചനാഥനാണ്. അവനൊഴികെ ഒരു സ്രഷ്ടാവോ, രക്ഷിതാവോ ഇ ല്ല. ജനങ്ങൾക്ക് ഇഹപര സൗഖ്യത്തിന്റെ മാർഗ്ഗം കാണിച്ചു കൊടുക്കാനും, അതിലേക്ക് അവരെ ക്ഷണിക്കുവാനും പ്രവാചകന്മാരെ നി യോഗിച്ചവനും, വേദഗ്രന്ഥങ്ങൾ ഇറക്കിയവനും അവനാകുന്നു. അവൻ പരമപരിശുദ്ധനത്രെ. ഇക്കാര്യത്തിലൊന്നും തന്നെ അവന് യാതൊരു പങ്കുകാരുമില്ല. അല്ലാഹു പറയുന്നു:*

﴿ اَللَّهُ خَالِقُ كُلِّ شَيْءٍ وَّهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ﴾ (الزمر:٦٢)

*അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവ ൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യ കർത്താവുമാ കുന്നു (സുമർ-62).*

*അല്ലാഹുവിന്ന് ഉന്നതങ്ങളായ വിശേഷണങ്ങളും, ഉത്തമങ്ങളായ പേ രുകളും ഉണ്ട്. ഖുർആനിലും നബി ﷺ യുടെ തിരുസുന്നത്തിലും സ്ഥി രപ്പെട്ടവയാണവ. ആ വിശേഷണങ്ങളും നാമങ്ങളും അങ്ങനെത്ത ന്നെ വിശേഷിപ്പിക്കലും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാ ണ്. അതിൽ നിരാകരണമോ, രൂപസങ്കൽപമോ, സാദൃശ്യപ്പെടുത്ത ലോ, വ്യാഖ്യാനങ്ങളോ പാടില്ല. അവയെല്ലാം അല്ലാഹുവിന്റെ മഹ ത്തായ വിശേഷണങ്ങളാണെന്ന ആശയത്തോടെ വിശ്വസിക്കുക. അ വന്റെ സൃഷ്ടികളിൽപെട്ട യാതൊന്നിനോടും അവനെ സദൃശ്യപ്പെ ടുത്താത്ത*

*വിധത്തിലേ അവനെ വിശേഷിപ്പിക്കാവൂ. അല്ലാഹു പറ യുന്നു:*

﴿ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ﴾ (الشورى:١١)

***അവനെപോലെ യാതൊരു വസ്തുവുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്ന വനുമാകുന്നു (അശ്ശൂറാ-11).***

2 മലക്കുകളിലുള്ള വിശ്വാസം:

***അല്ലാഹുവിന്ന് മലക്കുകൾ എന്നു പേരുള്ള ഒരുവിഭാഗം സൃഷ്ടിക ളുണ്ട്. അവർ അവന്റെ കൽപന അനുസരിക്കാൻ മാത്രമായി സൃ ഷ്ടിക്കപ്പെട്ടവരാണ്. അവരുടെ ജോലികളുടെ അടിസ്ഥാനത്തിൽ പല വിഭാഗക്കാരുണ്ട്. അല്ലാഹുവിന്റെ സിംഹാസനം ചുമക്കാൻ ഏൽപിക്കപ്പെട്ടവർ, സ്വർഗ്ഗ നരകങ്ങളുടെ കാവൽക്കാർ, മനുഷ്യരു ടെ മുഴുവൻ പ്രവർത്തനങ്ങളും രേഖപ്പെടുത്തുന്നവർ. . . . . .***

***അല്ലാഹുവും പ്രവാചകനും പേരെടുത്തു പറഞ്ഞ ജിബ്‌രീൽ, മീകാ ഈൽ, നരകത്തിന്റെ കാവൽക്കാരൻ മാലിക്, അന്ത്യനാളിൽ കാ ഹളം (സൂർ) മുഴക്കാൻ ഏൽപ്പിക്കപ്പെട്ട ഇസ്‌റാഫീൽ എന്നിവരിൽ പ്രത്യേകമായും പേരെടുത്തു പറയാത്തവരിലും മൊത്തത്തിൽ മു സ്‌ലിം വിശ്വസിക്കണം.***

*ആയിശഃ ﷺ യിൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു:*

(خُلقت الملائكة من نور، وخُلق الجان من مارج من نار، وخُلق آدم ممّا وُصِفَ لكم)

*മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. ജിന്നുകൾ തിയ്യിന്റെ പുകയില്ലാത്ത ജ്വാലയാൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. ആദം ﷺ നിങ്ങളോട് പറയപ്പെട്ടിട്ടുള്ള വസ്തുവി (കലം പോലെ മു ട്ടിയാൽ മുഴക്കമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണി) ൽ നിന്നും സൃഷ്ട ിക്കപ്പെട്ടു (മുസ്ലിം)*

## 3വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം:

*അല്ലാഹു, അവന്റെ യഥാർത്ഥ മാർഗ്ഗം വിശദീകരിക്കുവാനും, ജ നങ്ങളെ അതിലേക്ക് ക്ഷണിക്കുവാനും പ്രവാചകന്മാർക്ക് വേദഗ്ര ന്ഥങ്ങൾ ഇറക്കിക്കൊടുത്തിട്ടുണ്ട് എന്ന് മൊത്തത്തിൽ വിശ്വസി ക്കണം. അല്ലാഹു പേരെടുത്തു പറഞ്ഞ തൗറാത്ത്, ഇൻജീൽ, സബൂ ർ, ഖുർആൻ എന്നിവയിൽ പ്രത്യേകമായും വിശ്വസിക്കണം. ഖുർ ആൻ അവയിൽ അവസാനത്തേതും വളരെ ശ്രേഷ്ഠമായതുമാ ണ്. ഖുർആൻ മുൻ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നു.*

*ഖുർആനിനെയും, നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ട ചര്യകളെ യും പിന്തുടരലും,*

*അതിൻെറ നിയമങ്ങളെ അനുസരിക്കലും എ ല്ലാ ജനസമൂഹത്തിനും നിർബന്ധമാണ്. കാരണം മുഹെമ്മദു ന ബി ﷺ യെ അല്ലാഹു മുഴുവൻ ജിന്നുകളിലേക്കും മനുഷ്യരിലേക്കു മാണ് നിയോഗിച്ചത്. അവർക്കിടയിൽ വിധികൽപ്പിക്കാൻ വേണ്ടി യാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടത്. മനസ്സിലുള്ളതിന് (രോഗ ങ്ങൾക്കും സംശയങ്ങൾക്കും) ശമനം നൽകുന്നതുമാണ്. എല്ലാ കാര്യങ്ങളുടെയും വിശദീകരണവും ലോകർക്കെല്ലാം സന്മാർഗ്ഗ വും കാരുണ്യവുമാണ് ഖുർആൻ. അല്ലാഹു പറയുന്നു:*

﴿ وَهَذَا كِتَابٌ أَنْزَلْنَاهُ مُبَارَكٌ فَاتَّبِعُوهُ لَعَلَّكُمْ تُرْحَمُونَ ﴾ (الأنعام:١٥٥)

***ഇതാകട്ടെ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അ തിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്കു കാരുണ്യം ലഭിച്ചേക്കാം (6-155).***

﴿وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْءٍ وَّهُدًى وَّرَحْمَةً وَّبُشْرَى لِلْمُسْلِمِينَ ﴾ (النحل:٨٩)

***എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗ്ഗദർശ നവും, കാരുണ്യവും, കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോ ഷ വാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം***

*വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് (അന്നഹ്ൽ-89.)*

4പ്രവാചകരിലുള്ള വിശ്വാസം:

***സദ്പാന്ഥാവിലേക്ക് മനുഷ്യരെ ക്ഷണിക്കുന്നവരും, അവർക്കു സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീതുകാരുമായി അ ല്ലാഹു ദൂതന്മാരെ അയച്ചു. അവരെ സ്വീകരിച്ചവർക്ക് വിജയവും സൗഭാഗ്യവും ലഭിക്കും. അവരെ തിരസ്കരിച്ചവർക്ക് സങ്കടവും പരാജയവുമായിരിക്കും ലഭിക്കുക. അവരിൽ ശ്രേഷ്ഠനും അവ സാനത്തെയാളും നമ്മുടെ നബി മുഹമ്മദ്ﷺ ആകുന്നു.***

***അല്ലാഹു പറയുന്നു:***

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسَولاً أَنِ اعبدوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾

(النحل:٣٦)

***തീർച്ചയായും നാം ഓരോ സമുദായത്തിലും ദൂതനെ നിയോ ഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർ ത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെ യ്യുന്നതിനു വേണ്ടി) (അന്നഹ്ൽ-36).***

﴿ مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِّنْ رِّجَالِكُمْ وَلَكِنْ رَّسُولَ اللَّهِ وَخَاتَمُ النَّبِيِّينَ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا﴾ (الأحزاب:٤٠)

*മുഹമ്മദ് നിങ്ങളുടെ പുരുഷരിൽ ഒരാളുടെയും പിതാവായിട്ടി ല്ല. പക്ഷെ അദ്ദേഹം അല്ലാഹുവിൻെറ ദൂതനും, പ്രവാചകരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതു കാര്യത്തെ പ റ്റിയും അറിവുള്ളവനാകുന്നു (അഹ്സാബ്-40).*

*അല്ലാഹുവും പ്രവാചകനും പേരെടുത്തു പറഞ്ഞ നൂഹ്, ഇബ്റാഹീം, സ്വാലിഹ്... എന്നിവരിലും, പേരെടുത്തു പറയാത്തവരിലും നാം വിശ്വ സിക്കണം.*

5 പരലോകത്തിലുള്ള വിശ്വാസം:

*മരണത്തിനു ശേഷം ഓരോരുത്തർക്കും ശിക്ഷാ രക്ഷകൾ ലഭിക്കും. ഖബ്റിൽവച്ചും ശിക്ഷാരക്ഷകൾ ലഭിക്കും. അന്ത്യദിനത്തിൽ വളരെ ഭീതിതമായ അവസ്ഥയുണ്ടാകും. അല്ലാഹുവിൻെറ മുമ്പിൽ ഹാജ റാക്കപ്പെടുമ്പോൾ എല്ലാ പ്രവർത്തനങ്ങളുടെയും രേഖ അവൻെറ കയ്യിൽ നൽകപ്പെടും. വലതുകയ്യിൽ രേഖ ലഭിക്കുന്നവനുണ്ടാകും, പിൻഭാഗത്തുകൂടി ഇടതുകയ്യിൽ രേഖ ലഭിക്കുന്നവരും ഉണ്ടാകും. പ്രവർത്തനങ്ങൾ വിചാരണക്കു വിധേയമാകും. പ്രവർത്തനങ്ങൾ തൂക്കിക്കണക്കാക്കി ശിക്ഷാരക്ഷകൾ ലഭിക്കും. സ്വർഗ്ഗ നരകങ്ങൾ ക്കിടയിൽ സ്വിറാത് സ്ഥാപിക്കപ്പെടും. മുഹമ്മദു നബി ﷺ ക്കു പ്ര ത്യേകമായി ഒരുഹൗള് (തടാകം) ഉണ്ടാകും. സ്വർഗ്ഗവും നരകവും ഉ ണ്ടാകും.*

*സത്യവിശ്വാസികൾ അവരുടെ രക്ഷിതാവായ അല്ലാഹുവി നെ കാണും. അവൻ അവരോട് സംസാരിക്കും. ഇങ്ങനെ ഇവ്വിഷ യകമായി ഖുർആനിലും സുന്നത്തിലും പറയപ്പെട്ട എല്ലാ കാര്യങ്ങ ളും വിശ്വസിക്കലും സത്യപ്പെടുത്തലും നിർബന്ധമാണ്.*

6 വിധിയിലുള്ള വിശ്വാസം:

*പ്രധാനമായും നാലുകാര്യങ്ങളാണ് ഈ വിശ്വാസത്തിൽ ഉൾപ്പെ ട്ടിരിക്കുന്നത്.*

*ഠ-കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളും അ ല്ലാഹുവിന്ന് അറിയാം. അവൻെറ സൃഷ്ടികളുടെ ഉപജീവനവും, ആയുഷ്കാലവും, പ്രവർത്തനങ്ങളും, മറ്റെല്ലാ സ്ഥിതി വിശേഷ ങ്ങളും അവന്ന് അജ്ഞാതമല്ല. അല്ലാഹു പറയുന്നു:*

﴿... إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ ﴾ (التوبة:١١٥)

*തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ള വനാകുന്നു (തൗബ-115).*

*ഞ-അല്ലാഹുവിൻെറ വിധികൾ മുഴുവൻ അവൻ രേഖപ്പെടുത്തി വച്ചി രിക്കുന്നു. അല്ലാഹു പറയുന്നു:*

﴿ وَكُلَّ شَيْءٍ أَحْصَيْنَاهُ فِي إِمَامٍ مُّبِينٍ ﴾ (يس:١٢)

*എല്ലാ കാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെ ടുത്തി വച്ചിരിക്കുന്നു (36-12).*

*ശ-അല്ലാഹു ഉദ്ദേശിച്ചതു മാത്രമേ സംഭവിക്കുകയുള്ളു. അവൻ ഉദ്ദേ ശിക്കാത്ത ഒന്നും തന്നെ സംഭവിക്കുകയില്ല. അല്ലാഹുപറയുന്നു:*

﴿ قَالَ كَذَلِكَ اللَّهُ يَفْعَلُ مَا يَشَاءُ ﴾ (آل عمران:٤٠)

*അല്ലാഹു പറഞ്ഞു: അങ്ങനെ തന്നെയാകുന്നു അല്ലാഹു താനു ദ്ദേശിക്കുന്നത് ചെയ്യുന്നു (ആലുഇംറാൻ-40.)*

*ഖ-എല്ലാ ചരാചരങ്ങളെയും അല്ലാഹുവാണ് സൃഷ്ടിച്ചത്. മറ്റൊരു സ്രഷ്ടാവോ രക്ഷകർത്താവോ ഇല്ല തന്നെ. അല്ലാഹു പറയുന്നു:*

﴿ الله خَالِقُ كُلِّ شَيْءٍ فَاعْبُدُوهُ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ ﴾
(الأنعام:١٠٢)

*എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണവൻ, അതിനാൽ അ വനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടെ യും കൈകാര്യക്കാരനാകുന്നു (അൻആം-102).*

## മതപരിത്യാഗം

*പലകാരണങ്ങളാൽ ഒരുമുസ്ലിം തൻെറ മതത്തിൽനിന്നും പുറ ത്താകും. അവയിൽ വളരെ പ്രധാനപ്പെട്ടവ പത്തുകാര്യങ്ങളാണ്.*

*1-അല്ലാഹുവിൽ പങ്കുചേർക്കൽ (ശിർക്ക്): അല്ലാഹു പറയു ന്നു;*

﴿إِنَّهُ مَنْ يُّشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَالِلظَّالِمِينَ مِنْ أَنْصَارٍ﴾ (المائدة :٧٢)

*അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയാ യും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നര കം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമി കൾക്ക് സഹായികളായി ആരും തന്നെയില്ല (അൽമാഇദ-72).*

*മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കലും, അവരോട് സഹായം തേടലും,*

*അവർക്കുള്ള നേർച്ചയും ബലികർമ്മങ്ങളും ഈ ഗണത്തിൽ പെടും.*

*2-അല്ലാഹുവിനും തനിക്കുമിടയിൽ മദ്ധ്യവർത്തികളെ സ്വീക രിക്കൽ. അവരോട് ശുപാർശക്കു വേണ്ടി ചോദിക്കലും, അവ രിൽ തവക്കുൽചെയ്യ (ഭരമേൽപിക്ക) ലും.*

*3-ബഹുദൈവ വിശ്വാസികൾ കാഫിറാണെന്ന് വിശ്വസിക്കാ തെ, അതിൽ സംശയം പ്രകടിപ്പിക്കുക, അല്ലെങ്കിൽ അവരു ടെ മതവിശ്വാസവും ശരിയാണെന്ന് വാദിക്കുക.*

*4-മുഹമ്മദു നബിയുടെ മാർഗ്ഗദർശനത്തെക്കാൾ സമ്പൂർണ്ണമാ ണ് മറ്റു പലരുടെയും മാർഗ്ഗദർശനം എന്ന വിശ്വാസം. മറ്റുള്ള വരുടെ മതശാസനകളാണ് നബി ﷺ യുടെ വിധിയെക്കാൾ ഉത്തമ മെന്ന വിശ്വാസം. അതായത് ഇസ്ലാമിക ശരീഅത്തിനെ (നിയമ ങ്ങളെ) ക്കാൾ ഉത്തമം മറ്റു ഭൗതിക നിയമങ്ങളാണെന്നും, അല്ലെ ങ്കിൽ ഇസ്ലാമിക നിയമങ്ങൾക്ക് കാലിക പ്രസക്തിയില്ലെ ന്നോ, മുസ്ലിംകളുടെ പിന്നോക്കാവസ്ഥക്കു കാരണം അതാണെന്നോ വിശ്വസിക്കൽ കുഫ്ർ (ദൈവനിഷേധം) ആകുന്നു. മതത്തെ ദൈവ വും മനുഷ്യനും തമ്മിലുള്ള ഒരു സ്വകാര്യ ഏർപ്പാടാക്കി, പൊതുജീ വിതത്തിൽ നിന്നും മാറ്റി നിറുത്തലും ഇതിൽപ്പെടും. മോഷ്ടാവി ന്റെ കരഛേദവും, വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലലും പഴഞ്ചനും കാടത്തവുമാണെന്ന് വിശ്വസിക്കൽ, അല്ലാ ഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കലും, ദൈവനിഷേ ധവുമാണ്.*

*5-മുഹെമ്മദുനബി കൊണ്ടുവന്ന ഏതെങ്കിലും ഒരുകാര്യ ത്തോട് വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കലും, മതകാര്യങ്ങ ൾ വെറുപ്പോടെ പ്രവർത്തിക്കലും. അല്ലാഹു പറയുന്നു:*

﴿ ذَلِكَ بِأَنَّهُمْ كَرِهُوا مَا أَنْزَلَ اللَّهُ فَأَحْبَطَ أَعْمَالَهُمْ ﴾ (محمد:٩)

*അതെന്തു കൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അ വർ വെറുത്തു കളഞ്ഞു. അപ്പോൾ അവരുടെ കർമ്മങ്ങളെ അ ല്ലാഹു നിഷ്ഫലമാക്കിത്തീർത്തു (മുഹമ്മദ്-9).*

*6-പ്രവാചകൻ ﷺ പഠിപ്പിച്ച മതത്തിലെ അധ്യാപനങ്ങളെയോ, ശിക്ഷാരക്ഷകളെയോ പരിഹസിക്കൽ. അല്ലാഹു പറയുന്നു:*

﴿ قُلْ أَبِاللَّهِ وآياته وَرَسُولِهِ كُنْتُمْ تَسْتَهْزِءُونَ،لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ ﴾ (التوبة:٦٥-٦٦)

*പറയുക, അല്ലാഹുവെയും അവൻെറ ദൃഷ്ടാന്തങ്ങളെയും, അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടി രിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വ സിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു (വി.ഖു.9:65-66).*

*7-മാരണം: അതുചെയ്യലും അതുകൊണ്ട് തൃപ്തിയടയലും. അ ല്ലാഹു പറയുന്നു:*

﴿ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولاَ إِنَّمَا نَحْنُ فِتْنَةٌ فَلاَ تَكْفُرْ ﴾ (البقرة :١٠٢)

*എന്നാൽ (ഹാറൂത്തും മാറൂത്തും) ഏതൊരാൾക്ക് പഠിപ്പിക്കു മ്പോഴും, ഞങ്ങളുടേത് ഒരു*

*പരീക്ഷണം മാത്രമാകുന്നു, (ഇ തുപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല (അൽബഖറ-102).*

### *8-മുസ്ലിംകൾക്കെതിരിൽ ബഹുദൈവാരാധകരെ സ ഹായിക്കൽ.*

*അല്ലാഹു പറയുന്നു:*

﴿ وَمَنْ يَتَوَلَّهُمْ مِّنْكُمْ فَإِنَّهُ مِنْهُمْ إِنَّ اللَّهَ لاَ يَهْدِي الْقَوْمَ الظَّالِمِينَ ﴾

(المائدة:٥١)

*നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ മിത്രങ്ങളായി സ്വീകരി ക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അ ക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച (മാഇദ-51).*

### *9-മനുഷ്യരിൽ ചിലർക്ക് ഇസ്ലാമിക നിയമങ്ങളിൽ നി ന്നും പുറത്തുപോകാൻ അവകാശമുണ്ടെന്ന വിശ്വാസം.*

*അല്ലാഹു പറയുന്നു:*

﴿ وَمَنْ يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الأَخِرَةِ مِنَ الْخَاسِرِينَ ﴾ (آل عمران:٨٥)

*ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അ വൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും (ആലുഇംറാൻ-85).*

*10- അല്ലാഹുവിൻെറ മതം പഠിക്കുന്നതിൽ നിന്നും അത നുസരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിയൽ. അ ല്ലാഹു പറയുന്നു:*

﴿ وَمَنْ أَظْلَمُ مِمَّنْ ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَآ إِنَّا مِنَ الْمُجْرِمِينَ مُنْتَقِمُونَ ﴾ (السجدة:٢٢)

*തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞു കളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളിക ളുടെ പേരിൽ നാം ശിക്ഷാനടപടി എടുക്കുന്നതാണ്. (സജദ-22).*

*മേൽ പറഞ്ഞവയിൽ തമാശയെന്നോ, കാര്യമെന്നോ വ്യത്യാസ മില്ല. നിർബന്ധിതാവസ്ഥയിൽ ഇക്കാര്യങ്ങൾക്ക് വശംവദനാ യാൽ ഒഴികെ*

# അല്ലാഹു എവിടെയാകുന്നു?

അല്ലാഹു ആകാശത്താകുന്നു എന്നതാണ് അഹ്ലുസ്സുന്നത്തി വൽ ജമാ അഃതിന്റെയും സലഫുസ്വാലിഹുകളുടെയും വിശ്വാസം. ക്വുർആനിൽ ഇങ്ങനെ കാണാം:

﴿اَلرَّحْمَنُ عَلَى الْعَرْشِ اسْتَوَى﴾ طه:٥

പരമകാരുണികൻ ിംഹാസനസ്ഥനായിരിക്കുന്നു. (വി.ക്വു. 20:5)

﴿أَأَمِنْتُمْ مَنْ فِي السَّمَآءِ أَنْ يَخْسِفَ بِكُمُ الأَرْضَ ...﴾ الملك:١٦

ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെ പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? (വി.ക്വു. 67:16)

﴿أَأَمِنْتُمْ مَنْ فِي السَّمَآءِ أَنْ يُرْسِلَ عَلَيْكُمْ حَاصِبًا...﴾ الملك:١٧

ആകാശത്തുള്ളവൻ നിങ്ങളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്ന തിനെ പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? (വി.ക്വു. 67:17)

﴿يَخَافُونَ رَبَّهُم مِّن فَوْقِهِمْ ...﴾ النحل:٥٠

അവർക്കു മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടു ന്നു. (വി.ഖു. 16:50)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ പറയുന്നു:

ഈ ആയത്തിന്റെ വിശദീകരണത്തിൽ പണ്ഡിതർക്കിടയിൽ ഭിന്നതയു ണ്ടെങ്കിലും, ജഹ്മിയ്യഃ വിഭാഗക്കാരെപ്പോലെ പിഴച്ച കക്ഷികൾ വാദി ക്കും പ്രകാരം, അല്ലാഹു എല്ലായിടത്തുമുണ്ട് എന്ന വാദം തെറ്റാണെന്ന് എല്ലാ പണ്ഡിതന്മാരും ഏകോപിച്ച കാര്യമാകുന്നു. (ഇബ്നുകഥീർ:വാ.2)

ഹദീഥിൽ നിന്ന്:

((ألا تأمنوني وأنا أمين من في السماء يأتيني خبر السماء صباحًا ومساءً)) رواه مسلم ١٠٦٤

ഞാൻ ആകാശത്തുള്ളവന്റെ വിശ്വസ്ഥനായിരിക്കെ നിങ്ങളെന്നെ വിശ്വ സിക്കുന്നില്ലേ? എനിക്ക് കാലത്തും വൈകിട്ടും ആകാശത്തു നിന്ന് വി വരങ്ങൾ വന്നു കൊണ്ടിരിക്കുന്നു. (മുസ്ലിം)

((ارحموا من في الأرض يرحمكم من في السماء)) رواه الترمذي
حديث حسن صحيح ١٩٢٤

ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാണിക്കുക, ആകാശത്തുള്ള വൻ (അല്ലാഹു) നിങ്ങളോട് കരുണ കാണിക്കും. (തിർമിദീ)

عن أبي هريرة أن رجلا أتى النبي ﷺ بجارية سوداء فقال يا رسول الله إن علي رقبة مؤمنة فقال لها:( أين الله؟) فأشارت إلى السماء بأصبعها فقال لها: (فمن أنا؟) فأشارت إلى النبي ﷺ وإلى السماء يعني أنت رسول الله فقال: (أعتقها فإنها مؤمنة) رواه مسلم ٣٢٨٤

ഒരാൾ പ്രവാചക സന്നിധിയിൽ കറുത്ത ഒരു സ്ത്രീയെ കൊണ്ടു വന്നു ചോദിച്ചു; പ്രവാചകരേ, ഒരു വിശ്വാസിനിയായ അടിമയെ മോചി പ്പിക്കൽ എനിക്കു ബാദ്ധ്യതയുണ്ട്. (ഇവളെ അതിനു യോജ്യമാണോ?) നബി ﷺ അവളോട് ചോദിച്ചു: അല്ലാഹു എവിടെയാകുന്നു? സ്ത്രീ ആകാശത്തേക്ക് ചൂണ്ടിക്കാണിച്ചു. പിന്നീട് നബി ﷺ ചോദിച്ചു: ഞാൻ ആരാണ്. സ്ത്രീ നബിയിലേക്കും ആകാശത്തേക്കും ചൂണ്ടിക്കാണിച്ചു. അതായത് താങ്കൾ ആകാശത്തുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. നബി ﷺ പറഞ്ഞു: ഇവളെ നീ

മോചിപ്പിക്കുക, ഇവൾ വിശ്വാസിനിയാ കുന്നു. (മുസ്ലിം)

നബി ﷺ മരിച്ച വിവരം സ്ഥിരീകരിച്ചു കൊണ്ട് അബൂബകർ സിദ്ദീക് ﷺ മദീനയിലെ പള്ളി മിമ്പറിൽ വെച്ചു നടത്തിയ പ്രസിദ്ധമായ പ്രസം ഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി:

(ومن كان يعبد محمدًا فإن محمدًا قد مات، ومن كان يعبد الله، فإن الله في السماء حي لايموت) رواه الدارمي بإسناد صحيح

ആരെങ്കിലും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ, മുഹമ്മദ് മരിച്ചിരിക്കുന്ന. ആരെങ്കിലും അല്ലാഹുവിനെയാണ് ആരാധിച്ചിരുന്ന തെങ്കിൽ, അല്ലാഹു ആകാശത്തിൽ മരിക്കാതെ, ജീവിച്ചിരിപ്പുണ്ട്. (ദാരി മീ)

മനുഷ്യർ തങ്ങളുടെ പ്രാർത്ഥനാ വേളകളിൽ കൈകൾ ആകാശത്തേക്ക് ഉയർത്തുന്നതും ഇതിനു തെളിവാണ്. സ്വൂഫികളും, അദ്വൈത സിദ്ധാ ന്ത വാദക്കാരും പറയുന്നതു പോലെ അല്ലാഹു സർവ്വവ്യാപിയും, എല്ലാ വസ്തുക്കളിലും (തൂണിലും തുരുമ്പിലും) ഉള്ളവനുമായിരുന്നെങ്കിൽ നബി ﷺ തന്റെ സ്വഹാബതിനെ അതു പഠിപ്പിക്കുമായിരുന്നു. ക്വുർആനിൽ ഇങ്ങനെ ഒരു വചനം കാണാം:

﴿ وَهُوَ مَعَكُمْ أَيْنَمَا كُنْتُمْ ﴾ الحديد:٤

നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്താ നും. (വി.ക്വു. 57:4) ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ പറയുന്നു:

അല്ലാഹുവിന്റെ അറിവ് കൊണ്ട് അവൻ നമ്മുടെ കൂടെയുണ്ട്, നാം എ വിടെ, എങ്ങനെയായിരുന്നാലും അവൻ നമ്മെ കാണുകയും കേൾ ക്കുകയും ചെയ്യുന്നു എന്നാണ് ഇതിന്റെ ആശയം. ഈ വചനത്തിന്റെ മുന്നിലും ശേഷവുമുള്ള വചനങ്ങൾ ഇത് വ്യക്തമാക്കുന്നു. (ഇബ്നു കഥീർ)